**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1580** **28-07-2021 - ൽ മറുപടിയ്ക്ക്**

**താൽക്കാലിക വനിതാ ജീവനക്കാരുടെ പ്രസവാനുകൂല്യ അവധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എൻ.എച്ച്.എം. മുഖേന ആരോഗ്യവകുപ്പിൽ ജോലി ചെയ്യുന്ന താൽക്കാലിക വനിതാ ജീവനക്കാർക്ക് പ്രസവാനുകൂല്യ അവധി നൽകാറുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത അവധി എത്ര മാസമാണെന്ന് അറിയിക്കാമോ; | (ബി) | 6 മാസം |
| (സി) | അവധി അനുവദിക്കുന്നുണ്ടെങ്കിൽ പ്രസ്തുത കാലയളവിൽ അവർ ശമ്പളത്തിന് അർഹരാണോ; വിശദവിവരങ്ങൾ നൽകാമോ? | (സി) | 04/01/2021 ലെ സ.ഉ.(പി) നമ്പർ 2/2021/ധന ഉത്തരവ് പ്രകാരം 80 ദിവസത്തിൽ കുറയാത്ത പ്രവർത്തി ദിവസം ഉള്ള കരാർ വ്യവസ്ഥയിൽ നിയമിതരായ വനിതാ ജീവനക്കാർക്ക് വേതനത്തോടെയുള്ള പ്രസവ അവധിക്ക് അർഹതയുണ്ട്. കരാർ കാലാവധിക്കുള്ളിലാണ് അനുവദനീയമായ 180 ദിവസത്തെ പ്രസവ അവധി വരുന്നതെങ്കിൽ അത് പൂർണ്ണമായും കരാർ വ്യവസ്ഥ അനുസരിച്ച് ജീവനക്കാരിക്ക് ലഭിക്കുന്നതാണ്. കരാർ കാലയളവ് കഴിഞ്ഞും പ്രസവ അവധി ബാക്കി നിൽക്കുന്നെങ്കിൽ കരാർ കാലാവധി കാലയളവ് അവസാനിക്കുന്നത് വരെയുള്ള പ്രസവ അവധി വേതനത്തിനാണ് അർഹതയുള്ളത്. |

സെക്ഷൻ ഓഫീസർ